**പതിമൂന്നാം കേരള നിയമസഭ**

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 52 10-12-2012-ന് മറുപടി നൽകേണ്ടിയിരുന്നത്

**കേരള സർക്കാർ വിളിച്ചുചേർത്ത കേന്ദ്ര മന്ത്രിമാരുടെയും എം.പി.മാരുടെയും യോഗം**

**ചോദ്യം**

ശ്രീ. എ. പ്രദീപ്കുമാർ

**ഉത്തരം**

ശ്രീ. ഉമ്മൻചാണ്ടി

(മുഖ്യമന്ത്രി)

| | ചോദ്യം | അന്തിമ മറുപടി |
|---|---|---|
| (എ) | പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിൽ ഉന്നയിക്കേണ്ടുന്ന സുപ്രധാന കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് കേരള സർക്കാർ വിളിച്ചുചേർത്ത കേരളത്തിൽ നിന്നുള്ള കേന്ദ്ര മന്ത്രിമാരുടെയും എം.പി.മാരുടെയും യോഗത്തിൽ പങ്കെടുക്കാതിരുന്നവർ ആരൊക്കെയെന്ന് വെളിപ്പെടുത്താമോ? | (എ) മറ്റ് ഔദ്യോഗിക തിരക്കുകളുള്ളതിനാൽ സംസ്ഥാനത്തുനിന്നുള്ള കേന്ദ്ര മന്ത്രിമാരായ സർവ്വശ്രീ. എ.കെ. ആന്റണി, വയലാർ രവി, മുല്ലപ്പള്ളി രാമചന്ദ്രൻ, പ്രൊഫ. കെ.വി. തോമസ്, കെ.സി. വേണുഗോപാൽ, കൊടിക്കുന്നിൽ സുരേഷ്, ഡോ. ശശി തരൂർ എന്നിവരും രാജ്യസഭാ ഉപാദ്ധ്യക്ഷനായ പ്രൊഫ. പി.ജെ. കുര്യൻ, എം.പി.മാരായ ശ്രീമതി. ടി.എൻ. സീമ, ശ്രീ. പി.സി.ചാക്കോ എന്നിവരും 15/11/2012-ലെ എം.പി.മാരുടെ സമ്മേളനത്തിൽ പങ്കെടുത്തിട്ടില്ല. |
| (ബി) | കേരളത്തിൽനിന്നുള്ള കേന്ദ്രമന്ത്രിമാരിൽ ആരൊക്കെ പങ്കെടുക്കുകയുണ്ടായി | (ബി) കേരളത്തിൽനിന്നുള്ള കേന്ദ്ര മന്ത്രിമാരിൽ കേന്ദ്ര-വിദേശകാര്യ സഹമന്ത്രി ശ്രീ. ഇ.അഹമ്മദ് പ്രസ്തുത യോഗത്തിൽ പങ്കെടുത്തി ട്ടുണ്ട്. |
| (സി) | സംസ്ഥാനത്തുണ്ടായിരുന്നിട്ടു പോലും യോഗത്തിൽ എത്തിച്ചേരാതിരുന്ന കേന്ദ്രമന്ത്രിമാർ ആരൊക്കെയാണ്; | (സി) സംസ്ഥാനത്തുനിന്നുള്ള കേന്ദ്ര മന്ത്രിമാരിൽ ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ, പ്രൊഫ. കെ.വി. തോമസ് എന്നിവരാണ് പ്രസ്തുത യോഗം നടന്ന ദിവസം കേരളത്തിലുണ്ടായിരുന്നത്. |
| (ഡി) | പ്രസ്തുത യോഗത്തിൽ സംസ്ഥാന മന്ത്രിമാരിൽ പങ്കെടുക്കാത്തവർ ആരൊക്കയാണ്? | (ഡി) വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ. പി.കെ.അബ്ദുറബ്ബ്, പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി ശ്രീ. എ.പി. അനിൽ കുമാർ, ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ്, ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി ശ്രീ. കെ.സി. ജോസഫ്, ജലവിഭവ വകുപ്പ് മന്ത്രി |

(.................2)

| | | |
|---|---|---|
| | | ശ്രീ. പി.ജെ. ജോസഫ്, വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി, ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി ശ്രീ. കെ.എം. മാണി, കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി ശ്രീ. കെ.പി. മോഹനൻ, പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ, ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി ശ്രീ. വി.എസ്. ശിവകുമാർ എന്നീ മന്ത്രിമാരാണ് പ്രസ്തുത യോഗത്തിൽ പങ്കെടുത്തത്. |

സെക്ഷൻ ഓഫീസർ